(സി & ഡി) ഉണ്ട്, ആലപ്പുഴ ജില്ലയിലെ അരൂരിൽ നടപ്പിലാക്കി വരുന്ന 'മറൈൻ പ്രോഡക്ട് ഇൻഫ്രാസ്ട്രക്ചർ ഫെസിലിറ്റി പ്രോജക്ട്' മുഖേന കുറഞ്ഞത് 10 പ്രോസസർമാർക്ക് പ്രയോജനം ലഭിക്കുന്നതാണ്. കൂടാതെ പുതിയ സംസ്ക്കരണശാലകൾ സ്ഥാപിക്കുന്നതിന് പുതിയ സംരംഭകർക്ക് സമുദ്രോത്പ്പന്നകയറ്റുമതി വികസന അതോറിറ്റിയും സർക്കാരും ധനസഹായം ലഭ്യമാക്കിവരുന്നു.

(ഇ) എ മുതൽ ഡി വരെയുള്ള മറുപടികണ്ടാലും.

(എഫ് & ജി) ഉണ്ട്, യന്ത്രവൽകൃത മത്സ്യ ബന്ധനയാനങ്ങളിലെ ജീവനക്കാർക്ക് ഫിഷ് ഫൈൻഡർ, ഗ്ലോബൽ പൊസിഷനിംഗ് സിസ്റ്റം, റോഡിയോ, ടെലിഫോൺ എന്നീ ആധുനിക ഉപകരണങ്ങൾ പ്രവർത്തിപ്പിക്കുന്നതിന് ആവശ്യമായ പരിശീലനം നൽകിവരുന്നു. അതുപോലെ മത്സ്യസംസ്ക്കരണ ശാലകളിലെ സാങ്കേതിക വിദഗ്ധർക്ക് എച്ച്.എ.സി.സി.പി. എന്ന സിസ്റ്റത്തിൽ പരിശീലനം നൽകി വരുന്നു.

യു.ടി.സി. പദ്ധതി സംസ്ഥാനത്ത് നടപ്പാക്കുന്നതിന് ലഭിക്കുന്ന ആനുകൂല്യങ്ങൾ

16 (*694) ശ്രീ. അടൂർ പ്രകാശ് :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. പാലോട് രവി :
ശ്രീ. കെ. എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) യു.ജി.സി പദ്ധതി സംസ്ഥാനത്ത് നടപ്പാക്കുന്നതിന് എന്തെല്ലാം ആനുകൂല്യങ്ങളാണ് കേന്ദ്രഗവൺമെന്റിൽ നിന്നും യു.ജി.സി.യിൽ നിന്നും ലഭിക്കുന്നത് ;

(ബി) ഈ ആനുകൂല്യം നേടുമ്പോൾ അതിനോടനുബന്ധിച്ച് എന്തെല്ലാം വ്യവസ്ഥകളാണ് നടപ്പാക്കേണ്ടത് ;

(സി) ഈ വ്യവസ്ഥകൾ നടപ്പാക്കാനുള്ള ബാദ്ധ്യത ആർക്കാണെന്ന് വ്യക്തമാക്കാമോ ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) :

(എ) യു.ജി.സി. ശമ്പള പരിഷ്ക്കരണത്തോടൊപ്പം സ്കീം നടപ്പിലാക്കുമ്പോൾ 1-1-1998 മുതൽ 31-3-2000 വരെ വേണ്ടിവരുന്ന അധിക സാമ്പത്തിക ബാദ്ധ്യതയുടെ 80 ശതമാനം കേന്ദ്ര സർക്കാർ നൽകാമെന്നാണ് വാഗ്ദാനം ചെയ്തിട്ടുള്ളത്.

(ബി) ഇതിനോടനുബന്ധിച്ച് നിരവധി വ്യവസ്ഥകൾ പാലിക്കേണ്ടതുണ്ട്. 21-12-1999ലെ ജി.ഒ. (പി) നം.171/99/ഉ.വി.വ. ഉത്തരവിൽ പ്രസ്തുത വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

(സി) നടപ്പാക്കാനുള്ള ബാദ്ധ്യത സർക്കാരിനാണ്.

LIBRARY ARCHIVES Kerala Legislative Assembly